LIBRARY ARCHIVES Kerala Legislative Assembly

9 വയസ്സുകാരിയെ പീഡിപ്പിച്ച സംഭവം

31 (780) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി പട്ടാവേലിൽ ശ്രീ. പി. കെ. ജോസഫിന്റെ 9 വയസ്സുകാരിയായ മകളെ മാനഭംഗം ചെയ്ത ആളെ പോലീസ് സംരക്ഷിക്കുന്നു എന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിരിന്നുവോ ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ആരോപിക്കും പ്രകാരമുള്ള സംഭവങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി & ഡി) ലഭിച്ചിട്ടുണ്ട്. കോട്ടയം ഡിവൈ.എസ്.പി. നടത്തിയ അന്വേഷണത്തിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന സംഭവങ്ങൾ ഒന്നും നടന്നിട്ടില്ലെന്ന് വെളിവായിട്ടുണ്ട്. എന്നാൽ കുട്ടിയെ മര്യാദലംഘനം നടത്തി സ്ത്രീയുടെ അഭിമാനത്തിന് ക്ഷതം സംഭവിച്ചതിന് സെക്ഷൻ 354 ഐ.പി.സി. പ്രകാരം കുറ്റപത്രം തയ്യാറാക്കി, കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

സാമൂഹ്യവിരുദ്ധന്മാരുടെ ശല്യം

32 (782) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്, പ്രത്യേകിച്ചും പട്ടണ പ്രദേശങ്ങളിൽ സാമൂഹ്യ വിരുദ്ധന്മാരുടെ ശല്യം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് ഓരോ ജില്ലയിലും എത്ര കേസുകൾവീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.